# സലഫുസ്സ്വാലിഹിന്റെ വിശ്വാസ സംഗ്രഹം

[ Malayalam - മലയാളം - مليالم ]

﴿الوجيز من عقيـدة السلـف الصالـح﴾


അബ്ദുല്ലാഹ് ബ്നു അബ്ദുൽ ഹമീദ് അൽ അഥരി

عبد الله بن عبد الحميد الأثري

വിവർത്തനം: കബീർ എം. പറളി

مترجم: محمد كبير سلفي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض
المملكة العربية السعودية

Web Edition by:
islamhouse.com
1432 - 2011

الحمد لله رب العالمين، والصلاة والسلام على رسول الله خاتم النبيين، وعلى آله وصحبه ومن والاه إلى يوم الدين.

സലഫുസ്സ്വാലിഹിന്റെ അഖീദയെ സംബന്ധിച്ച സംക്ഷിപ്ത വിശകലനമാണ് ഈ കൃതി. ആധുനിക സംഘങ്ങളിലും സംഘടനകളിലും കാണുന്ന ഗുരുതരമായ അഭിപ്രായാന്തരങ്ങളിലും, വിഭാഗീയതകളിലും കഴിയേണ്ടി വരുന്ന ഇന്നത്തെ മുസ്‌ലിം ഉമ്മത്തിന്റെ അവസ്ഥയാണ് ഇത്തരമൊരു രചനക്ക് എന്നെ പ്രേരിപ്പിച്ചത്. എല്ലാവരും അവരവരുടെ മൻഹജിലേക്കാണ് ക്ഷണിക്കുന്നത്. തങ്ങളുടെ സംഘങ്ങളേയാണ് നല്ലവരായി പ്രഖ്യാപിക്കുന്നത്. ഇവർക്കിടയിൽ എന്തു ചെയ്യണമെന്നറിയാതെ ജനങ്ങൾ അങ്കലാപ്പിലാണ്; ആരോടൊപ്പമാണ് പോകേണ്ടത്? ആരെയാണ് പിന്തുടരേണ്ടത്? തുടങ്ങിയ ചോദ്യങ്ങൾ അവരെ കുഴക്കുന്നുണ്ട്. പക്ഷെ, സത്യത്തിന്റെ തിരിനാളം ഈ ഉമ്മത്തിൽ നിന്നും പൂർണ്ണമായും നിഷ്കാഷിതമായിട്ടില്ല. ഒരുനാളും അങ്ങനെയൊന്ന് സംഭവിക്കുകയുമില്ല. പ്രവാചകൻ(ﷺ) പറഞ്ഞു: എന്റെ സമുദായത്തിൽ ഒരു വിഭാഗം സത്യത്തിൽ വിജയിച്ചുകൊണ്ടേയിരിക്കും. അവരെ നിന്ദിക്കുന്നവർക്കൊ, എതിർക്കുന്നവർക്കൊ അവർക്കൊരുപദ്രവവും വരുത്താനാകില്ല. അല്ലാഹുവിന്റെ (അന്ത്യനാളിനുള്ള) കൽപന വരുവോളവും അവർ അതിൽ നിന്നെ നിലകൊള്ളുന്നവരായിരിക്കും. (ബുഖാരി)

ഇവിടെ നമ്മളിലൊരു ബാധ്യത കടന്നുവരുന്നുണ്ട്. ആരാണാ വിഭാഗം? അല്ലാഹുവിന്റെ ദൂതൻ പഠിപ്പിക്കുകയും, സ്വഹാബത്തും, താബിഉകളും, തബഉത്താബിഉകളുമടങ്ങുന്ന ഉത്തമ തലമുറ ശീലിക്കുകയും ചെയ്ത ശരിയായ ഇസ്‌ലാമിനെ പ്രതിനീധികരിക്കുന്ന ആ അനുഗൃഹീത വിഭാഗത്തെപ്പറ്റി നാം പഠിച്ചേ മതിയാകൂ. അവരാണ് വിജയകക്ഷികൾ! അവരാണ് അല്ലാഹു വിന്റെ സഹായത്തിന് വിധേയരായ സംഘങ്ങൾ! ഈ വിഭാഗമാണ് അഹ്‌ലുസ്സുന്നത്തി വൽ ജമാഅ എന്ന പേരിൽ അറിയപ്പെടുന്നത്; സച്ചരിതരായ സലഫുകളുടെ സംശുദ്ധമായ പ്രതിബിംബം.

## സലഫിന്റെ അഖീദ: നിർവചനം

ഭാഷാപരമായി, അഖീദ എന്നാൽ ബന്ധം (العقد), ഉറപ്പ് (التوثيق),

കൃത്യത (الإحكام), ശക്തമായ കെട്ട് (الربط بقوة) എന്നൊക്കെയാണ് അർഥം.

അതേസമയം, 'സംശയം കടന്നു വരാൻ സാധ്യതയില്ലാത്ത വിധം ഒരു വിശ്വാസിയിൽ രൂഢമൂലമായ ഈമാൻ' (الإيمان الجازم الذي لا يتطرق إليه شك لدى معتقده) എന്നാണ് അഖീദക്ക് സാങ്കേതികമായി പറഞ്ഞു വരുന്നത്.

സലഫ് എന്ന പദം കൊണ്ട് അർഥമാക്കുന്നത് എന്താണ്? 'മുമ്പ് കഴിഞ്ഞു പോയത്' എന്നത്രെ ഈ പദത്തിന്റെ ഭാഷാർഥം. മുൻകാല സമൂഹം എന്നും ഇതിന് അർഥമുണ്ട്. പ്രായത്തിലും, പദവിയിലും നിന്നേക്കാൾ മുകളിൽ നിൽക്കുന്ന, നിന്റെ മുൻഗാമികളായ പിതാക്കൾ, ബന്ധുക്കൾ തുടങ്ങിയവരേയും സലഫ് എന്ന വാക്ക് കൊണ്ട് അർഥമാക്കാവുന്നതാണ്. ഇസ്‌ലാമിന്റെ ആദ്യകാല സമൂഹത്തെ സലഫുസ്സ്വാലിഹ് (സച്ചരിതരായ ആദ്യകാല സമൂഹം) എന്ന് വിളിക്കുന്നത് ഈ അർഥത്തിലാണ്. അല്ലാഹുവിന്റെ ദൂതനും അവിടുത്തെ സ്വഹാബികളും അവരെ നന്മയിൽ പിന്തുടർന്ന താബിഉകളുമാണ് മുസ്‌ലിം ഉമ്മത്തിന്റെ സച്ചരിതരായ സലഫ്. പ്രവാചകനും സ്വഹാബത്തും ഏതൊന്നിലേക്ക് പ്രബോധനം ചെയ്തുവോ, അതിലേക്ക് പ്രബോധനം ചെയ്യുന്നവരാണ് മൻഹജുസ്സലഫിൽ (സലഫീ സരണിയിൽ) നിലകൊള്ളുന്നവർ. സലഫുകളാണ് അനുധാവനം ചെയ്യപ്പെടാൻ അർഹർ. എന്തുകൊണ്ടെന്നാൽ, വിശ്വാസത്തിൽ സത്യസന്ധരും അഖീദയിൽ ശക്തരുമായിരുന്നു അവർ. തങ്ങളുടെ ഇബാദാത്തുകളിൽ ആത്മാർഥരുമായിരുന്നു. അതുകൊണ്ടുതന്നെയാണ്, തന്റെ ദീനിന്റെ പ്രചരണത്തിന്, തന്റെ ദൂതന്റെ സുന്നത്തുകളുടെ പ്രബോധനത്തിന് അല്ലാഹു തആലാ ആ സമൂഹത്തെ തെരഞ്ഞെടുത്തത്.

സലഫുസ്സ്വാലിഹിന്റെ നേതാവ് അല്ലാഹുവിന്റെ റസൂലാണ്(ﷺ). അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുമ്പോൾ അവർ തിരിച്ചുപോയിരുന്നത് ഖുർആനിലേക്കും സുന്നത്തിലേക്കുമാണ്. ഖുർആൻ അവരെ പഠിപ്പിച്ചത് അങ്ങനെയാണ് എന്നതു കൊണ്ടാണത്.

فَإِنْ تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِنْ كُنْتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا (سورة النساء: 59)

''വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും.'' (നിസാഅ്: 59)

പ്രവാചകനെ കഴിഞ്ഞാൽ, ഏറ്റവും ബഹുമാന്യരായ സലഫ്, നബി തിരുമേനി(ﷺ)യിൽ നിന്നും ആത്മാർഥമായും സത്യസന്ധതയോടേയും ദീനുൾക്കൊണ്ട സ്വഹാബത്താണ്. അവരെ പരിചയപ്പെടുത്തിക്കൊണ്ട് അല്ലാഹു പറഞ്ഞു:

مِنَ الْمُؤْمِنِينَ رِجَالٌ صَدَقُوا مَا عَاهَدُوا اللَّهَ عَلَيْهِ فَمِنْهُمْ مَنْ قَضَى نَحْبَهُ وَمِنْهُمْ مَنْ يَنْتَظِرُ وَمَا بَدَّلُوا تَبْدِيلًا (الأحزاب: 23)

''സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചില പുരുഷൻമാരുണ്ട്. ഏതൊരു കാര്യത്തിൽ അല്ലാഹുവോട് അവർ ഉടമ്പടി ചെയ്തുവോ, അതിൽ അവർ സത്യസന്ധത പുലർത്തി. അങ്ങനെ അവരിൽ ചിലർ (രക്തസാക്ഷിത്വത്തിലൂടെ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരിൽ ചിലർ (അത്) കാത്തിരിക്കുന്നു. അവർ (ഉടമ്പടിക്ക്) യാതൊരു വിധ മാറ്റവും വരുത്തിയിട്ടില്ല.'' (അഹ്സാബ്: 23)

അതിനാൽ, സലഫുസ്സ്വാലിഹിനെ പിന്തുടരുകയും അവരുടെ സരണിയിലൂടെ സഞ്ചരിക്കുകയും ചെയ്യുന്ന ഏതു കാലഘട്ടത്തിലെ, ആർക്കും പറയാവുന്ന പേരാണ് സലഫി എന്നത്; സലഫുകളെ പിന്തുടരുന്നവൻ സലഫി എന്നർഥം.

## സലഫുസ്സ്വാലിഹിന്റെ അഖീദ

സലഫുസ്സ്വാലിഹിന്റെ അഖീദയാണ് പിന്തുടരാൻ അർഹതയുള്ളത്; എന്തുകൊണ്ട്? മറ്റൊന്നു കൊണ്ടുമല്ല; മുസ്‌ലിം സമൂഹത്തെ മൊത്തത്തിലും പണ്ഡിതന്മാരേയും പ്രബോധകന്മാരേയും പ്രത്യേകിച്ചും ഐക്യപ്പെടുത്തി നിർത്താൻ കെൽപുള്ള ഒരേയൊരുമാർഗം സലഫുസ്സ്വാലിഹിന്റെ അഖീദയാണ് എന്നത് കൊണ്ടാണത്. അത് അല്ലാഹുവിന്റെ വഹ്‌യിനും പ്രവാചക തിരുമേനി(ﷺ)യുടെ സുന്നത്തിനും അനുസൃതമായുള്ളതാണ്. ആദരണീയരായ ആദ്യകാല സ്വഹാബീ തലമുറയുടെ ആദർശമാണത്. തർക്കങ്ങളിലും ഭിന്നതകളിലുമായി കഴിയുന്ന മുസ്‌ലിം സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥ നോക്കുക! സച്ചരിതരാ

യ സലഫിന്റെ അഖീദക്കല്ലാതെ മറ്റൊന്നിനും അവരെ ഐക്യപ്പെടുത്താൻ സാധിക്കുകയില്ല! അവരുടെ മാർഗത്തെപ്പറ്റി അല്ലാഹു പറഞ്ഞു:

وَمَنْ يُشَاقِقِ الرَّسُولَ مِنْ بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا (النساء: 115)

''തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!'' (നിസാഅ്: 115)

അല്ലാഹുവുമായും അവന്റെ ദൂതനുമായും വിശ്വാസികളെ നേരിട്ട് ബന്ധപ്പെടുത്തുന്ന ആദർശമാണ് സലഫിന്റേത്. അവർ രണ്ടുപേരോടുമാണ് അവരുടെ ആത്യന്തിക സ്നേഹം എന്നതുകൊണ്ടാണത്. അല്ലാഹു പറഞ്ഞതും അല്ലാഹുവിന്റെ റസൂൽ(ﷺ)പറഞ്ഞതുമായ സംഗതികളാണ് സലഫിന്റെ അഖീദ. മനുഷ്യന്റെ ശുഷ്കബുദ്ധി സ്വാധീനം ചെലുത്തിയിട്ടില്ലാത്ത, ഒരാളുടേയും ദേഹേച്ഛക്ക് ഇടം ലഭിച്ചിട്ടില്ലാത്ത ഋജുവായ ആദർശം.

ലളിതവും സുവ്യക്തവുമാണത്. ദുർഗ്രാഹ്യതയില്ലാത്ത, പ്രമാണങ്ങൾ കൈകടത്തലിന് വിധേയമായിട്ടില്ലാത്ത സുന്ദരമായ സരണി! അതിനെ ഉൾക്കൊള്ളുന്ന ഒരാൾക്ക് പിന്നെ സന്ദേഹങ്ങളുടെ പ്രശ്നങ്ങളില്ല. പിശാചിന്റെ ദുർബോധനങ്ങളിൽ നിന്നും അവൻ ഏറെ ദൂരെയായിരിക്കും, തീർത്തും ഹൃദയാനന്ദം! കൺകുളിർമ്മ! എന്തുകൊണ്ടെന്നാൽ, ഈ സമുദായത്തിന്റെ പ്രവചാകൻ മുഹമ്മദ് നബി(ﷺ) കാണിച്ചു തന്ന മാർഗത്തിലൂടേയാണ് അവന്റെ സഞ്ചാരം.

## സലഫുസ്സ്വാലിഹിന്റെ അഖീദയുടെ അടിത്തറ

വിശ്വാസത്തിലും കർമ്മത്തിലും സ്വഭാവനിഷ്ഠകളിലുമൊക്കെ കൃത്യവും വ്യവസ്ഥാപിതവുമായ അടിത്തറകളിലൂടെയാണ് അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആളുകൾ ചരിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത അടിത്തറകളാകട്ടെ, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നും,

പ്രവാചക തിരുമേനി(ﷺ)യുടെ സ്വഹീഹായ – അവ മുതവാതിറായവയാകട്ടെ, ആഹാദായവയാകട്ടെ– ഹദീസുകളിൽ നിന്നും,പൂർവ സൂരികളായ സ്വഹാബികളും താബിഉകളും അവരെ നന്മയിൽ പിന്തുടർന്ന തബഉത്താബിഉകളും സ്വീകരിച്ച നിലപാടുകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നവയാണ്. അഥവാ, അഹ്ലുസ്സുന്ന അവലംബിച്ചു പോരുന്ന ദീനിന്റെ അടിസ്ഥാന നിയമങ്ങൾ നബി തിരുമേനി(ﷺ) വ്യക്തമാക്കിത്തന്നവ തന്നെയാകുന്നു എന്നർഥം.ദീനിൽ ഏതെങ്കിലുമൊരു കാര്യം പുതുതായി നിർമ്മിക്കാനോ, എന്തെങ്കിലും നിർമ്മിച്ച് അത് ദീനിന്റെ ഭാഗമാണ് എന്ന് വാദിക്കാനോ ഒരാൾക്കും പാടില്ല എന്ന് വിശ്വസിക്കുന്നവരാണ് അവർ.അഖീദയുടെ വിഷയത്തിൽ ശറഅ് അനുശാസിക്കുന്നവ മുഴുവൻ മുറുകെപ്പിടിക്കുകയും, ബിദഈ വാദങ്ങളെ അപ്പാടെ തള്ളിക്കളയുകയും ചെയ്യുന്ന രീതിയാണ് അഹ്ലുസ്സുന്നത്തിന്റേത്.

ഇസ്ലാം ദീനിന്റെ അടിസ്ഥാന ആദർശങ്ങളായി അഹ്ലുസ്സുന്നത്തി വൽ ജമാഅത്ത് വെച്ച് പുലർത്തുന്ന വിശ്വാസങ്ങളെ താഴെ കാണും പ്രകാരം സംഗ്രഹിച്ച് പറയാവുന്നതാണ്.

1. അല്ലാഹുവിലും, മലക്കുകളിലും, ഗ്രന്ഥങ്ങളിലും, ദൂതന്മാരിലും, അന്ത്യദിനത്തിലും, ഖദറിലുമുള്ള വിശ്വാസം. ഇവ ഓരോന്നും സംക്ഷിപ്തമായി വിശദീകരിക്കാവുന്നതാണ്:

**<u>അല്ലാഹുവിലുള്ള വിശ്വാസം:</u>**

അഥവാ, തൗഹീദിന്റെ മൂന്നിനങ്ങളും അംഗീകരിക്കുകയും, വിശ്വസിക്കുകയും, അവയനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

<u>തൗഹീദുർറുബൂബിയ്യ (അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിലുള്ള ഏകത്വം):</u> അല്ലാഹു തന്റെ പ്രവർത്തനങ്ങളിലും, സൃഷ്ടിപ്പിലും, വിഭവദാനത്തിലും, ജനിപ്പിക്കുന്നതിലും മരിപ്പിക്കുന്നതിലുമൊക്കെ ഏകനാകുന്നു എന്നും, സർവ വസ്തുക്കളുടേയും രക്ഷിതാവും, രാജാവും അവനാകുന്നു എന്നും വിശ്വസിക്കലാണ് തൗഹീദുർറുബൂബിയ്യ.

<u>തൗഹീദുൽ ഉലൂഹിയ്യ (അല്ലാഹുവിന്റെ ആരാധ്യതയിലുള്ള ഏകത്വം):</u> അല്ലാഹുവാണ് സാക്ഷാൽ ഇലാഹ്.അവനല്ലാതെ ആരാധിക്കപ്പെടുന്നവ മുഴുവൻ അയഥാർഥമാണ്. ആരാധന അല്ലാഹുവിന് മാത്രമാണ് നൽകേണ്ടത്. അവനുമായി ഒരാളേയും പങ്ക് ചേർത്തു കൂടാ.ഇ

ബാദത്തിന്റെ യാതൊരംശവും അവനല്ലാത്തവരിലേക്ക് തിരിച്ചു വിടാവുന്നതല്ല.സ്നേഹം, ഭയം, പ്രതീക്ഷ തുടങ്ങിയ സർവ്വം കൊണ്ടും, സമ്പൂർണ്ണമായി അല്ലാഹുവിന്നാണ് ഇബാദത്ത് ചെയ്യേണ്ടത്. എന്നീ കാര്യങ്ങളാണ് തൗഹീദുൽ ഉലൂഹിയ്യ കൊണ്ട് ഉദ്ദ്യേശിക്കപ്പെട്ടിട്ടുള്ളത്.

<u>തൗഹീദുൽ അസ്മാഇ വസ്സ്വിഫാത്ത് (അല്ലാഹുവിന്റെ നാമങ്ങളിലും ഗുണവിശേഷങ്ങളിലുമുള്ള ഏകത്വം):</u> വഹ്‌യിലൂടെ, വിശുദ്ധ വചനങ്ങളിലൂടെ അല്ലാഹു തന്റെ ഗുണവിശേഷണങ്ങൾ പറഞ്ഞു തന്നിട്ടുണ്ട്. സലഫുകൾ തങ്ങളുടെ രക്ഷിതാവിനെ മനസ്സിലാക്കിയതും ഉൾക്കൊണ്ടതും പ്രസ്തുത നാമഗുണവിശേഷണങ്ങളിലൂടെയാണ്. ഖുർആനിലൂടെയും പ്രവാചകന്റെ തിരുനാവിലൂടെയും സ്ഥാപിക്കപ്പെട്ടിട്ടുള്ള അല്ലാഹുവിന്റെ മുഴുവൻ നാമ ഗുണവിശേഷണങ്ങളേയും, എങ്ങിനെയെന്ന് ചോദിക്കാതെ, നിഷേധിച്ചു തള്ളാതെ, വ്യാഖ്യാനിക്കാതെ, രൂപം നൽകാതെയാണ് സലഫുകൾ സ്വീകരിച്ചു പോന്നത്. ഇക്കാര്യത്തിൽ അവരെടുത്ത നിലപാടിന്റെ മാനദണ്ഡം ഖുർആനാണ്:

لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ (الشورى: 11)

''അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.'' (ശൂറ: 11)

ഏഴ് ആകാശങ്ങൾക്കും മീതെ, സർവ സൃഷ്ടികളിൽ നിന്നുമകന്ന്, അല്ലാഹു തന്റെ അർശിൽ ഉപവിഷ്ഠനാണെന്നും, അവൻ എല്ലാ കാര്യങ്ങളെക്കുറിച്ചും സമ്പൂർണ്ണ ജ്ഞാനമുള്ളവനാണെന്നും, താൻ ഉദ്ദേശിക്കുന്ന വിധം വിഭവങ്ങൾ നൽകിക്കൊണ്ട് അവന്റെ രണ്ട് കൈകളും നീട്ടിപ്പിടിച്ചവയാണെന്നും യാതൊരു വ്യാഖ്യാനവും കൂടാതെ അഹ്ലുസ്സുന്ന വിശ്വസിക്കുന്നു. കേൾവി, കാഴ്ച, അറിവ്, കഴിവ്, പ്രതാപം, സംസാരം തുടങ്ങിയ സ്വിഫത്തുകൾ അല്ലാഹുവിന്നുണ്ടെന്നും ഖുർആനും സുന്നത്തും പഠിപ്പിച്ച വിധം അവരംഗീകരിക്കുന്നു. ഈ വക കാര്യങ്ങളിലൊന്നിലും അവർ 'എങ്ങിനെ' എന്ന് ചോദിക്കുകയോ ആ നിലക്ക് വ്യാഖ്യാനിക്കുകയോ ചെയ്യാറില്ല. ഇവയുടെയൊന്നും രൂപഭാവങ്ങൾ അല്ലാഹു തആലാ നമുക്ക് വിശദീകരിച്ചു തന്നിട്ടില്ല എന്നതു കൊണ്ടാണത്.

അതേ പ്രകാരം, പരലോകത്ത് വെച്ച് അടിമകൾക്കിടയിൽ വിചാരണ നടത്തി വിധി പറയാനെത്തുന്ന വേളയിൽ, മുഅ്മിനുകൾക്ക് അ

ല്ലാഹുവിനെ നഗ്നനേത്രങ്ങൾകൊണ്ട് നോക്കിക്കാണാൻ സാധിക്കുമെന്നും വിശ്വസിക്കുന്നവരാണ് അഹ്‌ലുസ്സുന്ന.

**<u>മലക്കുകളിലുള്ള വിശ്വാസം:</u>**

അല്ലാഹുവിന്റെ മുഴുവൻ മലക്കുകളിലും ഭേദമേതുമില്ലാതെ അവർ വിശ്വസിക്കുന്നു. അവരുടെ അസ്ഥിത്വത്തെ അംഗീകരിക്കുന്നു. അവർ അല്ലാഹുവിന്റെ സൃഷ്ടികളാണ്,പ്രകാശത്താലാണ് അവർ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്, അല്ലാഹുവിനെ ആരാധിക്കുകയും, അവന്റെ കൽപനകൾ നടപ്പിൽ വരുത്തുകയുമാണ് അവരുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം തുടങ്ങിയ കാര്യങ്ങളിലും സന്ദേഹമില്ലാതെ അവർ വിശ്വസിക്കുന്നവരാണ്. അല്ലാഹു മലക്കുകളെപ്പറ്റി പറഞ്ഞു:

بَلْ عِبَادٌ مُكْرَمُونَ * لَا يَسْبِقُونَهُ بِالْقَوْلِ وَهُمْ بِأَمْرِهِ يَعْمَلُونَ (الأنبياء: 26، 27)

''എന്നാൽ (അവർ – മലക്കുകൾ) അവന്റെ ആദരണീയരായ ദാസൻമാർ മാത്രമാകുന്നു. അവർ അവനെ മറികടന്നു സംസാരിക്കുകയില്ല. അവന്റെ കൽപനയനുസരിച്ച് മാത്രം അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.'' (അമ്പിയാഅ്: 26, 27)

അതേസമയം, വിശുദ്ധരായ മലക്കുകളെ നമുക്ക് കാണാനാകാത്തവിധം അല്ലാഹു മറച്ചു വെച്ചിരിക്കുകയാണ്.

**<u>ഗ്രന്ഥങ്ങളിലുള്ള വിശ്വാസം:</u>**

മുഴുവൻ ദൈവിക ഗ്രന്ഥങ്ങളിലും, അതിലുൾക്കൊള്ളുന്ന മതനിയമങ്ങളിലും, അവയിൽ നിന്നുൽഭവിക്കുന്ന പ്രകാശധാരകളിലും വിശ്വസിക്കുന്നവരാണ് അഹ്‌ലുസ്സുന്ന. മനുഷ്യ സമൂഹത്തിന്റെ സന്മാർഗത്തിനു വേണ്ടി അല്ലാഹു തന്റെ ദൂതന്മാരിലൂടെ അവതരിപ്പിച്ചവയാണ് വേദഗ്രന്ഥങ്ങൾ. തൗറാത്ത്, ഇഞ്ചീൽ, സബൂർ, ഇബ്റാഹീം നബി (ﷺ)ക്കും, മൂസാ നബി(ﷺ)ക്കും ലഭിച്ച ഏടുകൾ എന്നിവ അവയിൽ ചിലതാണ്. എന്നാൽ പ്രസ്തുത ഗ്രന്ഥങ്ങളേക്കാൾ മഹിതവും അവയുടെ നിയമ സാധുതയെ ദുർബലമാക്കിയതുമായ വേദഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അല്ലാഹുവിൽ നിന്നും അവതീർണ്ണമായ അവന്റെ കലാമാണ് ഖുർആൻ എന്നും, അത് സൃഷ്ടിയല്ല, (അക്ഷരത്തിലും ആശയത്തിലും) അല്ലാഹുവിന്റെ യഥാർഥത്തിലുള്ള സംസാരം തന്നെയാണ് എന്നും അഹ്‌ലുസ്സുന്ന കണിശമായും വിശ്വസിക്കുന്നു. അല്ലാഹു അതിനെ ജിബ്‌രീലി(ﷺ)ന് നൽകുകയും, ജിബ്‌രീൽ മുഹമ്മദ്

നബി(ﷺ)ക്ക് കൈമാറുകയും ചെയ്യുകയായിരുന്നു. ഹൃദയങ്ങൾ കാത്തു സൂക്ഷിക്കുന്ന, നാവുകൾ പാരായണം ചെയ്യുന്ന, ഏടുകളിൽ രേഖപ്പെടുത്തപ്പെടുന്ന ഖുർആൻ, ഖിയാമത്തു നാൾവരെ സകലമാന കൈകടത്തലുകളിൽ നിന്നും സുരക്ഷിതമായിരിക്കുമെന്ന് അല്ലാഹു സുബ്ഹാനഹു വ തആല വാഗ്ദാനം ചെയ്തിട്ടുള്ളതാണ്.

ഖുർആൻ പഠിക്കാനും, മനഃപാഠമാക്കാനും, പാരായണം ചെയ്യാനും, വിശദീകരിക്കാനും, പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനും, അങ്ങനെ അല്ലാഹുവിലേക്ക് ആരാധനാപൂർവം അടുക്കാനും ശ്രദ്ധിക്കുന്നവരാണ് അഹ്ലുസ്സുന്നത്തി വൽ ജമാഅത്ത്. സ്വാഭീഷ്ട പ്രകാരം ഖുർആനിനെ വ്യാഖ്യാനിക്കാവുന്നതല്ലെന്നും, അങ്ങനെ ചെയ്യുന്നത് അല്ലാഹുവിന്റെ മേൽ അറിവില്ലാതെ ആരോപണം നടത്തലാണെന്നും അവർ വിശ്വസിക്കുന്നു. അല്ലാഹുവിന്റെ റസൂലിൽ നിന്നും സ്വഹാബത്തിൽ നിന്നും രേഖാമൂലം തങ്ങൾക്കു വന്നുകിട്ടിയ പ്രമാണ ങ്ങൾക്കനുസരിച്ചു മാത്രമേ ഖുർആനിന്ന് വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും നൽകാവൂ എന്നതാണ് അവരുടെ മതം.

## പ്രവാചകന്മാരിലുള്ള വിശ്വാസം

ആദം നബി(ﷺ) മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ് നബി(ﷺ) വരെയുള്ള, അല്ലാഹു പേരെടുത്ത് പറഞ്ഞുതന്നതും അല്ലാത്തതുമായ മുഴുവൻ ദൂതന്മാരിലും അഹ്ലുസ്സുന്ന വിശ്വസിക്കുന്നു. ഗതകാല പ്രവാചകന്മാരെ മൊത്തത്തിലും മുഹമ്മദു നബി(ﷺ) അന്ത്യ പ്രവാചകനാണ് എന്ന പരിഗണനയിൽ അദ്ദേഹത്തെ മുഴുവനായും ഉൾക്കൊള്ളുന്നവരാണ് അവർ. തിരുമേനി(ﷺ) ഉണർച്ചയിൽ തന്നെ സ്വശരീരം ആകാശത്തിലേക്ക് യാത്ര ചെയ്തെന്നും, അവിടെ അല്ലാഹു ഉദ്ദേശിക്കുന്ന ഉന്നതങ്ങളിലേക്കൊക്കെ ആരോഹണം നടത്തിയെന്നും അഹ്ലുസ്സുന്ന ഉറച്ചു വിശ്വസിക്കുന്നുണ്ട്.

## അവസാന നാളിലുള്ള വിശ്വാസം:

നബി തിരുമേനി(ﷺ) അറിയിച്ചു തന്ന, വരാനിരിക്കുന്ന എല്ലാ വലുതും ചെറുതുമായ അന്ത്യ നാളിന്റെ അടയാളങ്ങളിലും അഹ്ലുസ്സുന്നക്ക് വിശ്വാസമുണ്ട്. ദജ്ജാലിന്റെ പുറപ്പാട്, മഹ്ദിയുടെ വരവ്, പ്രവാചക(ﷺ)ന്റെ സന്താനപരമ്പരയിൽ നിന്നാണ് മഹ്ദി എന്നത്, ഈ

സാ നബി(ﷺ)യുടെ ആഗമനം, അദ്ദേഹം ദജ്ജാലിനെ കൊല്ലുന്നത്, ഭൂമിയിൽ ഇസ്‌ലാമികമായി ഭരിക്കുന്നത്, സൂര്യൻ പടിഞ്ഞാറു നിന്ന് ഉദിക്കുന്നത്, ദാബ്ബത്തുൽ അർള് അതിന്റെ വാസസ്ഥാനത്തു നിന്നും പുറത്തുവരുന്നത്, യഅ്ജൂജ് മഅ്ജൂജ് എന്നീ വർഗങ്ങൾ വന്നെത്തുന്നത് തുടങ്ങിയ അനേകം കാര്യങ്ങൾ അന്ത്യനാളിന്റെ അടയാളങ്ങളായി നബി(ﷺ) പ്രസ്താവിച്ചിട്ടുണ്ട്.

മരണാന്തരം സംഭവിക്കുമെന്ന് നബി(ﷺ) സാക്ഷ്യപ്പെടുത്തിയ, ഖബറിലെ ശിക്ഷാരക്ഷകൾ, മുൻകർ, നകീർ മലക്കുകളുടെ ചോദ്യങ്ങൾ, ഖബറിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പ്, ലോകരക്ഷിതാവായ അല്ലാഹുവിന്റെ മുമ്പിലേക്ക് നഗ്നരും നഗ്നപാദരുമായുള്ള മനുഷ്യരുടെ പോക്ക് തുടങ്ങിയ കാര്യങ്ങളിൽ ഉറച്ച വിശ്വാസമാണ് അഹ്‌ലുസ്സുന്നത്തിനുള്ളത്. ഖിയാമത്തു നാളിൽ അല്ലാഹു തന്റെ ദാസന്മാരോട് സംസാരിക്കുമെന്നും, അവർക്കിടയിൽ ഒരു പരിഭാഷകന്റെയും ആവശ്യമുണ്ടാകില്ലെന്നും അഹ്‌ലുസ്സുന്ന വിശ്വസിക്കുന്നുണ്ട്. വിചാരണാ മൈതാനിയിൽ മനുഷ്യകുലം ഒരുമിച്ചു ചേരുമെന്നതും, അവിടെ വെച്ച് അവരുടെ കൃത്യമായ വിചാരണ നടക്കുമെന്നതും സത്യമാണ്. അടിമകളുടെ പ്രവർത്തനങ്ങൾ തൂക്കിക്കണക്കാക്കാൻ തുലാസുണ്ടെന്നതും അതിന് രണ്ട് തട്ടുകളുണ്ടെന്നതും സത്യമാണ്. ഇടതു കയ്യിൽ അല്ലെങ്കിൽ വലതു കയ്യിൽ കർമ്മരേഖയുടെ ഗ്രന്ഥം നൽകപ്പെടും. നരകത്തിന്റെ മധ്യത്തിലൂടെ സ്വിറാത്തെന്ന പാലം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. സ്വർഗവും നരകവും സൃഷ്ടികളാണ്, അവ ഒരിക്കലും നശിക്കുകയില്ല. വിചാരണാ മൈതാനിയിൽ നബി(ﷺ)ക്ക് പ്രത്യേകമായൊരു ഹൗളുണ്ട്. അതിലെ ജലം പാലിനേക്കാൾ വെളുത്തതും, തേനിനേക്കാൾ മധുരമുള്ളതുമാണ്. അതിന്റെ മണമാകട്ടെ മിസ്കിനേക്കാൾ സുഗന്ധമുള്ളതാണ്. അത് കോരിക്കൊടുക്കാനുള്ള പാത്രങ്ങൾ ആകാശത്തിലെ താരകങ്ങളോളം സമൃദ്ധമാണ്. അതിൽ നിന്ന് ഒരിക്കൽ കുടിക്കുന്നവന്ന് പിന്നെ ദാഹമനുഭവപ്പെടുന്ന പ്രശ്നമില്ല. ദീനിൽ പുത്തനാചാരങ്ങൾ അഥവാ ബിദ്അത്തുകൾ നിർമ്മിച്ചുണ്ടാക്കി ആചരിക്കുന്നവന്ന് ഹൗളുൽ കൗസറിലെ വെള്ളം ലഭിക്കുന്നതല്ല. ശഫാഅത്ത് യാഥാർഥ്യമാണ്. ഇതര തെറ്റുകൾക്കായി നരകത്തിൽ പ്രവേശിപ്പിക്കപ്പെട്ട തൗഹീദിന്റെ ആളുകൾ, കത്തിയമർന്ന് കരിക്കട്ടയായതിനു ശേഷം, ശഫാഅത്തിലൂടെ നരകമുക്തരാകും തുടങ്ങിയ ഇസ്‌ലാമിക പാഠങ്ങ

ളിൽ മുഴുവൻ അഹ്ലുസ്സുന്നത്തി വൽ ജമാഅ സന്ദേഹമില്ലാതെ വിശ്വക്കുന്നവരാണ്.

## വിധിയിലുള്ള വിശ്വാസം

അഹ്ലുസ്സുന്ന, നന്മകളാകട്ടെ തിന്മകളാകട്ടെ, അല്ലാഹുവിന്റെ വിധിയിൽ നിസ്സംശയം വിശ്വസിക്കുന്നു. സംഭവിച്ചതും വരാനിരിക്കുന്നതുമായ എല്ലാ സംഗതികളും അല്ലാഹുവിനറിയാം. എല്ലാം അവൻ തീർച്ചപ്പെടുത്തുകയും ലൗഹുൽ മഹ്ഫൂളിൽ രേഖപ്പെടുത്തി വെക്കുകയും ചെയ്തിട്ടുണ്ട്. ദുനിയാവിൽ സംഭവിക്കുന്ന നന്മയും തിന്മയും കുഫ്റും, ഈമാനും, അനുസരണവും, നിഷേധവും എല്ലാമെല്ലാം അല്ലാഹു മുമ്പേ ഉദ്ദേശിച്ചവയും തീരുമാനിച്ചു സൃഷ്ടിച്ചവയുമാണ്. അല്ലാഹുവിന്ന് അനുസരണത്തോട് ഇഷ്ടവും അനുസരണക്കേടിനോട് വെറുപ്പുമാണ്. അവനുദ്ദേശിക്കുന്നവരെ അവൻ സന്മാർഗ്ഗത്തിലാക്കുന്നു. വഴികേടിലാക്കുന്നതും അങ്ങനെ തന്നെ. എന്തുകൊണ്ട് വഴികേടിലാക്കി എന്നതിന് അവൻ ഒരാളോടും കാരണം ബോധിപ്പിക്കുന്നതല്ല. ഏതൊരാൾക്കും തന്റെ കർമ്മങ്ങളും വിശ്വാസങ്ങളും തെരഞ്ഞെടുക്കാം. എങ്കിലും അവൻ അല്ലാഹുവിന്റെ തീരുമാനങ്ങൾക്കനുസരിച്ചാണ് ജീവിക്കുന്നത്. അല്ലാഹു ഉദ്ദേശിക്കുന്നതെന്തൊ അതു നടന്നിരിക്കും അവനുദ്ദേശിക്കാത്തത് നടക്കാൻ സാധ്യതയേയില്ല. ഈ പറയപ്പെട്ട സംഗതികളെല്ലാം അഹ്ലുസ്സുന്നത്തിന്റെ വിശ്വാസ കാര്യങ്ങളാണ്.

**2.** ഈമാനിനെ സംബന്ധിച്ചുള്ള സലഫുസ്സ്വാലിഹിന്റെ വിശ്വാസം

ഈമാൻ ഹൃദയം കൊണ്ട് സാക്ഷ്യപ്പെടുത്തലും, നാവുകൊണ്ട് പ്രഖ്യാപിക്കലും, അവയവങ്ങൾ കൊണ്ട് പ്രവർത്തിക്കലുമാണ്. ഈമാൻ പുണ്യകർമ്മങ്ങൾക്കനുസൃതം വർദ്ധിക്കുകയും പാപകർമ്മങ്ങൾക്കനുസൃതം കുറയുകയും ചെയ്യും. പ്രവർത്തനം കൊണ്ടല്ലാതെ ഈമാനിന് നിലനിൽപില്ല. വാക്കാവട്ടെ പ്രവർത്തനമാകട്ടെ നിയ്യത്തിലൂടെയേ സഫലമാകൂ. വാക്കും പ്രവൃത്തിയും നിയ്യത്തുമൊക്കെ പ്രവാചക സുന്നത്തുമായി യോജിക്കുമ്പോഴാണ് സാർഥക മായിത്തീരുക. ഈമാനുമായി ബന്ധപ്പെട്ട, സലഫുസ്സ്വാലിഹിന്റെ അടിസ്ഥാന വിശ്വാസങ്ങളാണ് മേലെ വായിച്ചത്.

**3.** പാപം ചെയ്ത ഒരു മുസ്ലിമിനേയും കാഫിറായി കാണുന്ന രീതിയല്ല സലഫിന്റേത്.

ഇസ്ലാമിന്റെ അംഗീകൃതമായൊരു നിയമത്തെ ബോധപൂർവം നിഷേധിക്കുന്നുവെങ്കിലല്ലാതെ, കബാഇറുകളിലകപ്പെട്ടവരെപ്പോലും കാഫിറെന്ന് വിധിക്കാൻ അവർ തയ്യാറല്ല. ഈമാൻ കുറഞ്ഞവരും, ഫിസ്ഖ് സംഭവിച്ചവരുമെന്നേ അവരെപ്പറ്റി സലഫുകൾ അഭിപ്രായം പറയുകയുള്ളൂ. അങ്ങനെയുള്ള ഒരാൾ മരിച്ചാൽ, അവന്റെ വിധി അല്ലാഹുവിങ്കലാണെന്നും, അവനുദ്ദേശിക്കുന്നുവെങ്കിൽ ആ വ്യക്തിക്ക് പൊറുത്തു കൊടുക്കുകയോ, അവനെ ശിക്ഷക്ക് വിധേയമാക്കുകയൊ ചെയ്യും എന്നുമാണ് സലഫിന്റെ വിശ്വാസം.

__കുഫ്റിനെ അവർ രണ്ടായി വിഭജിച്ചിട്ടുണ്ട്:__

a. കുഫ്ർ അക്ബർ അഥവാ വലിയ നിഷേധം. ഇത് സംഭവിക്കുന്ന ഒരാൾ ഇസ്ലാമിൽ നിന്നും ബഹിഷ്കൃതനാകും.

b. കുഫ്ർ അസ്ഗർ അഥവാ ചെറിയ നിഷേധം. ഇത് സംഭവിക്കുന്ന ഒരാളെ ഇസ്ലാമിൽ നിന്നും ബഹിഷ്കൃതനാക്കുകയില്ല.

കൃത്യമായ ശറഈ രേഖയില്ലാതെ വാക്കു കൊണ്ടൊ, പ്രവൃത്തി കൊണ്ടൊ ഒരു മുസ്ലിമിനേയും കാഫിറെന്ന് മുദ്രകുത്താവതല്ല. കാഫിറെന്ന് പറയാൻ തക്ക നിബന്ധനകൾ അയാളിൽ വ്യക്തമായി കാണുന്നുവെങ്കിലേ അത്തരമൊരു നിലപാടെടുക്കാൻ അനുവാദമുള്ളൂ.

**4.** മുസ്ലീംകളുടെ കൈകാര്യകർത്തക്കളായ ഭരണാധികാരികളെ നന്മകളിൽ അനുസരിക്കൽ നിർബന്ധമാണെന്നും, അവരെങ്ങാനും പാപകർമ്മത്തിലേക്ക് കൽപിക്കുകയാണെങ്കിൽ അക്കാര്യത്തിൽ അവരെ അനുസരിക്കേണ്ടതില്ലെന്നും, എന്നാൽ അതല്ലാത്ത അവരുടെ നന്മകൾ കൊണ്ടുള്ള കൽപനകളെ മാനിച്ച് അവരെ അനുസരിക്കണമെന്നും സലഫുകൾ അഭിപ്രായപ്പെടുന്നു.

അവരുടെ ഇമാമത്തിനു കീഴിൽ നമസ്കരിക്കുക, അവരോടൊപ്പം ജിഹാദിനിറങ്ങുക, അവരുടെ നന്മക്കും, സ്ഥിരതക്കും വേണ്ടി പ്രാർഥിക്കുക, അവരോട് ഗുണകാംക്ഷയോടെ പെരുമാറുക തുടങ്ങിയ കാര്യങ്ങൾ മുസ്ലിം പ്രജകളുടെ ബാധ്യതയാണ്. പ്രത്യക്ഷ നിലപാടുകളിലെ നല്ലവശത്തെ മാനിച്ചുകൊണ്ടാകണം ഇതൊക്കെ.

വ്യക്തമായ കുഫ്റല്ലാത്ത മറ്റു തിന്മകൾ പ്രവർത്തിച്ചൂ എന്നതിന്റെ പേരിൽ മുസ്ലിം ഭരണാധികാരികൾക്കെതിരിൽ കലഹത്തിന്

പുറപ്പെടുന്നത് നിഷിദ്ധമാണ്. പാപകർമ്മങ്ങളിലൊഴിച്ച്, അവരിൽ പ്ര ത്യക്ഷനിഷേധം ഉണ്ടാകാത്തിടത്തോളം കാലം, മറ്റു നന്മകളിൽ അവ രെ അനുസരിക്കണമെന്ന നിർദ്ദേശം പ്രവാചക തിരുമേനി(ﷺ) പ്രത്യേ കം നൽകിയിട്ടുള്ളതാണ്. ചില വഴിപിഴച്ച സംഘങ്ങളെപ്പോലെ അവ ർക്കെതിരിൽ വിപ്ലവത്തിനൊരുങ്ങുന്നത് അനുവദനീയമായ കാര്യമല്ല.

**5.** പ്രവാചക(ﷺ)ന്റെ സ്വഹാബത്തിനെ സംബന്ധിച്ച് വിശുദ്ധമായ കാ ഴ്ചപ്പാടാണ് സലഫിനുള്ളത്. അവരെ അകമഴിഞ്ഞ് സ്നേഹിക്കുക,അ വർ നിഷ്കളങ്ക ഹൃദയരായിരുന്നു എന്ന് വിശ്വസിക്കുക, അവരെപ്പറ്റി നല്ലതുമാത്രം പറയുക. ഇതാണവരുടെ നിലപാട്.

സ്വഹാബത്ത് മുഴുവനും നീതിമാൻമാരും, മുസ്‌ലിം ഉമ്മത്തിലെ ഉൽകൃഷ്ടന്മാരുമാണ്. വിശ്വാസം കൊണ്ടും മഹത്വംകൊണ്ടും സ്വ ഹാബികൾ അഗ്രേസരന്മാരാണെന്ന സംഗതി, ദീനിന്റെ കണിശവും ഖണ്ഡിതവുമായ അടിസ്ഥാന വിശ്വാസമാണ്. അവരോടുള്ള സ്നേ ഹം ദീനും ഈമാനുമാണ്. അവരോടുള്ള വെറുപ്പ് കുഫ്റും നിഫാഖു മാണ്.

അല്ലാഹുവിന്റെ റസൂലിനോടൊപ്പം സഹവസിക്കുകയോ, തിരു മേനിയെ ദർശിക്കുകയൊ ചെയ്ത, മുസ്‌ലിമായ നിലയിൽ മരണപ്പെട്ട ഏതൊരാളും സ്വഹാബികളിൽ ഉൾപ്പെട്ടവനാണ്. നബി(ﷺ) യോടൊ ത്തുള്ള അദ്ദേഹത്തിന്റെ സഹവാസം, ഒരു വർഷമോ, ഒരു മാസമോ, ഒരു ദിവസമോ, ഒരു മണിക്കൂറോ മാത്രം ഉള്ളതായിരുന്നാലും ശരി അദ്ദേഹം സ്വഹാബിയായിത്തന്നെയാണ് പരിഗണിക്കപ്പെടുക. സ്വഹാ ബികൾക്കിടയിലുണ്ടായിരുന്ന അഭിപ്രായാന്തരങ്ങളുടെ പേരിൽ അവ ർ ആക്ഷേപിക്കപ്പെടേണ്ടവരല്ല. അവരുടെ കാര്യങ്ങൾ തങ്ങളുടെ റബ്ബ് തീരുമാനിക്കുന്നതാണ്. ഏതൊരു കാര്യത്തിൽ അവർ ഗവേഷണാത്മ കമായി ഒരു തീരുമാനം കൈകൊണ്ടിട്ടുണ്ടൊ, ആ തീരുമാനം ശരി യാണെങ്കിൽ രണ്ട് പ്രതിഫലമാണ് അല്ലാഹുവിൽ നിന്നവർക്ക് ലഭി ക്കുക. പ്രസ്തുത തീരുമാനം തെറ്റായിരുന്നുവെങ്കിൽത്തന്നെയും ഒരു പ്രതിഫലത്തിന് അർഹരാണവർ. അവരെടുത്ത നിലപാടുകളിൽ പിഴ വു സംഭവിച്ചതിന്റെ പേരിൽ അവരിലൊരാളേയും ആക്ഷേപിക്കുന്നത് അനുവദനീയമല്ല.നബി(ﷺ) ഗൗരവത്തോടെ പറഞ്ഞ സംഗതിയാണത്. അവിടുന്ന് അരുളി:

«لا تسبوا أصحابي، فوالذي نفسي بيده لو أنفق أحدكم مثل أحد ذهبًا ما بلغ مد أحدهم ولا نصيفه» [البخاري]

‘‘നിങ്ങൾ എന്റെ സ്വഹാബികളെ ആക്ഷേപിച്ചു പറയരുത്. അല്ലാഹു സത്യം, നിങ്ങളിലൊരാൾ ഉഹദ് പർവതത്തോളം സ്വർണ്ണം ചെലവഴിച്ചാലും,അവരിലൊരാൾ ചെലവഴിച്ച ഒരു മുദ്ദിന്റെ അല്ലെങ്കിൽ അര മുദ്ദിന്റെ സ്ഥാനത്തേക്കെത്താൻ അവന്ന് സാധിക്കുകയില്ല.’’(ബുഖാരി)

അതെ, സ്വഹാബികളെ ഏറ്റവും മാന്യവും ആദരണീയവുമായ നിലയിലാണ് വിശ്വാസികൾ അനുസ്മരിക്കേണ്ടത്. മുബ്തദിഉകൾ, റാഫിദകൾ, ഖവാരിജുകൾ തുടങ്ങിയ കക്ഷികൾ സ്വഹാബത്തിനെ അവമതിക്കുന്നവരും അവരുടെ പദവികളെ നിഷേധിക്കുന്നവരുമാണ്.അതു കൊണ്ടുതന്നെ അത്തരക്കാരുടെ നിലപാടുകൾക്ക് വിരുദ്ധമായിരിക്കണം സ്വഹാബികളുടെ കാര്യത്തിൽ മുഅ്മിനുകളുടേത്.

സ്വഹാബികൾ പാപസുരക്ഷിതർ (മഅ്സൂമുകൾ) ആണെന്ന വിശ്വാസം സലഫികൾക്കില്ല. അല്ലാഹു തന്റെ ദിവ്യസന്ദേശം പ്രബോധനം ചെയ്യാൻ തെരഞ്ഞെടുക്കുന്ന പ്രവാചകൻമാർ മാത്രമാണ് സകലമാന തെറ്റിൽ നിന്നും സുരക്ഷിതരായ മഅ്സൂമുകൾ എന്നാണ് അവരുടെ വിശ്വാസം. അതേ സമയം ഓരോ വ്യക്തിയെ എന്നതിനപ്പുറം മുസ്‌ലിം ഉമ്മത്തിനെ മൊത്തത്തിൽ അല്ലാഹു പിഴവുകളിൽ നിന്നും സംരക്ഷിക്കുന്നതാണ്.

പ്രവാചക തിരുമേനി(ﷺ) കഴിഞ്ഞാൽ, മുസ്‌ലിം ഉമ്മത്തിലെ ഉൽകൃഷ്ടർ അബൂബക്കർ(﵁), ഉമർ(﵁), ഉസ്മാൻ(﵁), അലി(﵁) എന്നീ നാലു സ്വഹാബികളാണെന്നും അവരാണ് സച്ചരിതരും സന്മാർഗചാരികളുമായ ഖലീഫമാരെന്നും അഹ്‌ലുസ്സുന്ന മനസ്സിലാക്കുന്നു. ‘അല്ലാഹുവിന്റെ പേരിൽ ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു; നിങ്ങളെന്റെ അഹ്‌ലുബൈത്തിനെ പരിഗണിക്കുക’ എന്ന പ്രവാചകോപദേശത്തെ മാനിച്ചു കൊണ്ട്, നബി കുടുംബത്തെ (അഹ്‌ലുൽ ബൈത്ത്) സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നവരാണവർ. വിശ്വാസികളുടെ മാതാക്കളായ നബി പത്നിമാർ അഹ്‌ലുൽ ബൈത്തിൽ ഉൾപ്പെടുന്നവരാണെന്നും, അവർ വിശുദ്ധകളും നിഷ്കളങ്കരുമാണെന്നും, പരലോകത്തും അവർ തന്നെയാകും പ്രവാചക(ﷺ)ന്റെ പത്നിമാരെന്നും അഹ്‌ലുസ്സുന്ന വിശ്വസിക്കുന്നു.

**6**. ഏതൊരു മനുഷ്യന്റേയും പര്യവസാനം ഏതുവിധത്തിലായിരിക്കു മെന്നത് നിഗൂഢമാണെന്നും, ഒരാൾക്കും അതുസംബന്ധമായി അറി യാനാകില്ലെന്നും വിശ്വസിക്കുന്നവരാണ് സലഫുകൾ. ഇസ്‌ലാമിലാ യിരിക്കെ മരണപ്പെടുന്ന മുഅ്മിനുകളിൽ നിന്നും മുത്തഖികളിൽ നി ന്നുമുള്ള ഏതൊരാളും, അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ, സ്വർഗത്തി ലാണ് എന്ന വിശ്വാസമാണ് അവർക്കുള്ളത്. എന്നാൽ കാഫിറുകളും മുനാഫിഖുകളും നരകത്തിന്റെ ആളുകളായിരിക്കും.

ഏത് നിലവാരത്തിൽ നിലകൊള്ളുന്നവനായിരുന്നാലും ശരി, അ ല്ലാഹുവിന്റെ റസൂൽ(ﷺ) കൃത്യമായി വ്യക്തമാക്കിത്തന്ന വ്യക്തിക ളൊഴിച്ച് മറ്റൊരാളേയും സ്വർഗ്ഗാവകാശിയാണെന്നൊ നരകാവകാശി യാണെന്നൊ ഖണ്ഡിതമായി പറുയുന്ന സ്വഭാവം അഹ്‌ലുസ്സുന്നക്കില്ല. എന്നാൽ നന്മ പ്രവർത്തിച്ചവന്ന് നന്മ പ്രതിഫലം ലഭിക്കണേ എന്ന ആഗ്രഹവും, തിന്മ പ്രവർത്തിച്ചവന്ന് ശിക്ഷ ലഭിക്കുമല്ലോ എന്ന ഭയ വും അവരിലുണ്ട്. സൽകർമ്മങ്ങൾ പ്രവർത്തിച്ചവന്നു പോലും അല്ലാ ഹുവിന്റെ ദയയും അനുഗ്രഹവുമുണ്ടെങ്കിലല്ലാതെ സ്വർഗ പ്രവേശം സാധ്യമല്ല എന്നതാണ് അവരുടെ വിശ്വാസം. എല്ലാ സൃഷ്ടികൾക്കും ഒരു കാലാവധിയുണ്ടെന്നും, അല്ലാഹുവിന്റെ അനുമതികൂടാതെ ഒരു ആത്മാവിനും മരണം സംഭവിക്കില്ലെന്നും, എല്ലാം ഖണ്ഡിതമായി രേ ഖപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നും അഹ്‌ലുസ്സുന്ന വിശ്വസിക്കുന്നു. സ്വർഗം ലഭിക്കുമെന്ന് അല്ലാഹുവിന്റെ റസൂലിനാൽ സന്തോഷവാർത്ത അറി യിക്കപ്പെട്ട പത്തുപേരിലും, അവിടുന്ന്(ﷺ) സ്വർഗം കൊണ്ട് സാക്ഷ്യം നിന്ന മററു സ്വഹാബികളിലും അഹ്‌ലുസ്സുന്ന വിശ്വാസമർപ്പിക്കുന്നു.

**7**. ഔലിയാക്കളുടെ കറാമത്തുകൾ അംഗീകരിക്കുന്നവരാണ് അഹ്‌ലു സ്സുന്ന. പടച്ചതമ്പുരാൻ തന്റെ ഔലിയാക്കളിൽ ചിലരെ ആദരിക്കുന്ന തിന്റെ ഭാഗമായി അവരിലൂടെ പ്രകടപ്പിക്കപ്പെടുന്ന അസാധാരണ സം ഭവങ്ങളാണ് കറാമത്തുകൾ. ഖുർആനും സുന്നത്തും അതിന്റെ സാ ധുതയെ വ്യക്തമാക്കിയിട്ടുണ്ട്. വലിയ്യുകളുടെ കറാമത്തുകളെ നി ഷേധിക്കുന്നവരുടെ കൂട്ടത്തിലല്ല അഹ്‌ലുസ്സുന്ന.കറാമത്തുകളുടെ ആ ധികാരികത സ്ഥിരീകരിക്കാനുള്ള മതപരമായ മാനദണ്ഡങ്ങളെ അഹ് ലുസ്സുന്ന കണിശമായി പാലിക്കാറുണ്ട്. ഒരു വ്യക്തിയിലുണ്ടാകുന്ന എല്ലാ അസാധാരണ സംഭവങ്ങളും കറാമാത്തായിക്കൊള്ളണമെന്നി ല്ല. പിശാചിൽ നിന്നുണ്ടാകുന്ന പ്രവർത്തനങ്ങളുമാകാം. മാരണങ്ങളി

ലുടേയും, പൈശാചിക വൃത്തികളിലൂടേയും, മറ്റു ജാലവിദ്യകളിലൂടേയുമുള്ള അസാധാരണ കൃത്യങ്ങൾ കറാമത്തിന്റെ പരിധിയിൽ വരുകയില്ല. കറാമത്തിനേയും മാരണകൃത്യങ്ങളേയും തമ്മിൽ വേർതിരിക്കുന്ന വ്യക്തമായ അതിർവരമ്പു തന്നെയുണ്ട്. അഥവാ, കറാമത്ത് സംഭവിക്കുന്നത് അല്ലാഹുവിന്റേയും റസൂലിന്റേയും വിധിവിലക്കുകളെ അനുസരിച്ച് ജീവിക്കുന്നത് മൂലമാണ്. എന്നാൽ മാരണ കൃത്യങ്ങളിലൂടെയുള്ള അസാധാരണ സംഭവങ്ങളാകട്ടെ, അഹങ്കാരത്തിന്റേയും ദൈവധിക്കാരത്തിന്റേയും ഫലമായിട്ടാണ് ഉണ്ടായിത്തീരുന്നത്.

**8.** പ്രമാണങ്ങളുൾക്കൊള്ളുന്നതിലും തെളിവുകൾ സ്വീകരിക്കുന്നതിലും അഹ്ലുസ്സുന്നയുടെ മൻഹജ് കൃത്യവും വ്യക്തവുമാണ്. അല്ലാഹുവിന്റെ ഗ്രന്ഥത്തിലും അവന്റെ റസൂലിന്റെ സുന്നത്തിലും വന്നതെന്തൊ അത് പൂർണ്ണമായി അംഗീകരിച്ച് അനുധാവനം ചെയ്യുക എന്നതാണ് അക്കാര്യങ്ങളിൽ അവരുടെ രീതി. സ്വഹാബികളുടെ, വിശിഷ്യാ ഖുലഫാഉ റാഷിദുകളുടെ  നിലപാടുകളെയും അവർ പിന്തുടരുന്നവരാണ്. ഖുർആനിന്നും സുന്നത്തിന്നും വിരുദ്ധമായ ഒന്നിനോടും, അത് ഖിയാസാകട്ടെ, അഭിരുചിയാകട്ടെ, വീക്ഷണമാകട്ടെ, ഏതെങ്കിലും പണ്ഡിതന്റേയൊ, ഇമാമിന്റേയൊ വാക്കുകളാകട്ടെ, അവർക്ക് യാതൊരു തരത്തിലുള്ള പ്രതിബദ്ധതയുമില്ല.

അല്ലാഹുവിന്റേയും റസൂലിന്റേയും വാക്കുകൾക്കപ്പുറം ഒരാളുടെ വാക്കുകൾക്കും പ്രാമുഖ്യം നൽകുന്നവരല്ല അഹ്ലുസ്സുന്ന. തെളിഞ്ഞ ബുദ്ധി (العقل الصريح) എന്നാൽ സ്വഹീഹായ പ്രമാണങ്ങളെ അംഗീകരിക്കുന്നത് (ما يوافق النقل الصحيح) എന്നാണ് അഹ്ലുസ്സുന്നയുടെ വീക്ഷണം. അതേ പ്രകാരം തന്നെ, ഖുർആനും സുന്നത്തും കഴിഞ്ഞാൽ, മുസ്ലിം ഉമ്മത്തിലെ പണ്ഡിതന്മാരുടെ ഏകോപിതാഭിപ്രായങ്ങളെ (الإجماع) അഹ്ലുസ്സുന്ന പ്രമാണമായി സ്വീകരിക്കുന്നു. അതേസമയം, പ്രവാചകനപ്പുറം(ﷺ)ഏതെങ്കിലും വ്യക്തിക്ക് പാപസുരക്ഷിതത്തമുണ്ട് എന്ന് അവർ വിശ്വസിക്കുന്നില്ല.ഏതൊരാളുടെ വീക്ഷണത്തേയും ഖുർആനിനോടും സുന്നത്തിനോടും യോജിക്കുന്നുവെങ്കിൽ സ്വീകരിക്കുമെന്നല്ലാതെ, ഒരു വീക്ഷണത്തോടും പക്ഷപാതിത്തം കാണിക്കുന്നവരല്ല അവർ. പ്രമാണങ്ങളെ ആധാരമാക്കി ഇജ്തിഹാദിലേർപ്പെടുന്ന ഒരാൾക്ക് ശരി സംഭവിക്കാവുന്നതു പോലെത്തന്നെ പിഴവും സംഭ

വിക്കാം. പണ്ഡിത ലോകം അംഗീകരിച്ചിട്ടുള്ള അറിവിന്റെ നിബന്ധനകൾ പൂർണ്ണമായും ഉൾച്ചേർന്നിട്ടുള്ള ഒരാൾക്കു മാത്രമേ ഇജ്തിഹാദിലേർപ്പെടാൻ അർഹതയുള്ളൂ തുടങ്ങിയ കണിശമായ വീക്ഷണങ്ങളാണ് ഇജ്തിഹാദിന്റെ കാര്യത്തിൽ അഹ്‌ലുസ്സുന്ന വെച്ചു പുലർത്തുന്നത്.

ഇജ്തിഹാദീ വിഷയങ്ങളിലെ അഭിപ്രായാന്തരങ്ങൾ പര്സപര ശത്രുതക്കും, അകൽച്ചക്കും വഴിവെക്കരുതെന്നും, അന്യോന്യം സ്നേഹിച്ചും ആദരിച്ചുമാണ് കഴിയേണ്ടതെന്നുമുള്ള നിലപാടാണ് അഹ്‌ലുസ്സുന്നയുടേത്. കർമ്മശാസ്ത്ര മേഖലയിലെ ശാഖാപരമായ വിഷയങ്ങളിൽ വീക്ഷണ വ്യത്യാസങ്ങൾ വെച്ചു പുലർത്തുമ്പോഴും, പരസ്പര ബന്ധങ്ങൾ കാത്തുസൂക്ഷിക്കാനും, ഒരാൾ മറ്റൊരാളുടെ പിന്നിൽ നിന്ന് നമസ്കരിക്കാനും തയ്യാറാകണമെന്നതാണ് അഹ്‌ലുസ്സുന്നത്തിന്റെ മതം. എന്നാൽ ബിദ്അത്തിന്റെ ആളുകളോടുള്ള നിലപാട് അത്തരത്തിലുള്ളതായിക്കൂടാ.

ഏതെങ്കിലുമൊരു കർമ്മശാസ്ത്ര പണ്ഡിതന്റെ മദ്ഹബിൽ മാത്രം കെട്ടുപിണഞ്ഞു കിടക്കാൻ മുസ്‌ലിംകളോട് ആഹ്വാനം ചെയ്യുന്നവരല്ല അഹ്‌ലുസ്സുന്ന. എന്നാൽ ഒരു വിഷയത്തിൽ ഏതെങ്കിലുമൊരു മദ്ഹബിന്റെ വീക്ഷണങ്ങളെ, പ്രമാണബദ്ധമായി സ്വീകരിക്കുന്നതിനോ അനുധാവനം ചെയ്യുന്നതിനോ വിരോധമില്ല.അന്ധമായ അനുകരണമാകരുത് എന്ന് മാത്രം. നിലവിൽ സ്വീകരിച്ചിട്ടുള്ള ഒരു മദ്ഹബിന്റെ വീക്ഷണത്തേക്കാൾ പ്രമാണത്തിന്റെ പിൻബലമുള്ളത് മറ്റേ മദ്ഹബിന്റെ വീക്ഷണത്തിനാണെങ്കിൽ നിലവിലുള്ളത് ഒഴിവാക്കി മറ്റേ മദ്ഹബിന്റെ വീക്ഷണത്തെയാണ് വിശ്വാസികൾ സ്വീകരിക്കേണ്ടത്. കാരണം, ഏതൊരു വിഷയത്തിലും പ്രമാണങ്ങളുടെ ആധികാരികതയെയും പ്രബലതയേയുമാണ് മുസ്‌ലിംകൾ പരിഗണിക്കേണ്ടത്. മത നിയമങ്ങളിൽ കൂടുതൽ അറിവില്ലാത്ത സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവന്ന് ചെയ്യാവുന്നത്, പണ്ഡിതന്മാരുടെ ഫത്‌വകളെ പിന്തുടരുക എന്നതാണ്. എന്നാൽ കർമ്മശാസ്ത്ര സംബന്ധിയായ വിഷയങ്ങളിൽ ഇമാമുകൾ സ്വീകരിച്ച രേഖകളെ മനസ്സിലാക്കാനുള്ള കഴിവും നൈപുണ്യവുമുള്ള ഒരു ത്വാലിബുൽ ഇൽമിന് (മതവിജ്ഞാന പഠിതാവ്), രേഖകളുടെ ബലാബലത്തെ പരിഗണിച്ച് ഓരോ ഇമാമിന്റെയും വീക്ഷണങ്ങളെ പിൻതുടരാവുന്നതാണ്. അതാകട്ടെ, ഒരു മുജ്തഹിദിന്റെ റോളിൽ നിന്നുകൊണ്ടല്ല, മുത്തബിഇന്റെ നിലപാടിൽ

നിന്നു കൊണ്ടാകണം. എന്തുകൊണ്ടെന്നാൽ, ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും ഒരു പ്രത്യേക വിഷയത്തിലുള്ള മതവിധി ഗവേഷണം ചെയ്തെടുക്കലാണ് ഇജ്തിഹാദ്. അതിന്നാകട്ടെ, പ്രത്യേകം നിയമങ്ങളും നിബന്ധനകളും പാലിക്കപ്പെടേണ്ടതുമുണ്ട്. ഖുർആനും സുന്നത്തും ആധാരമാക്കി കർമ്മ ശാസ്ത്ര മേഖലയിൽ, ആ നിലക്ക് വിധിനിർദ്ധാരണം നടത്തിയവരാണ് വിശ്രുതരായ നാലു ഇമാമുകളും, അവരല്ലാത്ത മറ്റു ഫിഖ്ഹീ-ഹദീസ് വിശാരദന്മാരും.

**9**. അഹ്ലുസ്സുന്നത്തി വൽ ജമാഅത്ത് നന്മ കൽപിക്കുന്നതിലും തിന്മ വിരോധിക്കുന്നതിലും ശ്രദ്ധചെലുത്തുന്നവരാണ്. മുസ്‌ലിം ഉമ്മത്തിന്റെ നന്മ നിലനിൽക്കുന്നതു തന്നെ ഈ രണ്ട് അടിത്തറകളിലാണ്. നന്മയുടെ പ്രചാരണവും തിന്മയുടെ വിപാടനവും ഇസ്‌ലാമിന്റെ മഹത്തായ ചിഹ്നങ്ങളാണ്. മുസ്‌ലിം ജമാഅത്ത് പോറലേൽക്കാതെ നിലകൊള്ളുന്നതും അതുകൊണ്ടുതന്നെയാണ്. നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്നീ രണ്ടു സംഗതികളും സാധ്യമാകുന്നത്ര നിർവഹിക്കപ്പെടേണ്ട ബാധ്യതകളാണ്. ആ രംഗത്ത് പരിഗണിക്കപ്പെടേണ്ട പ്രധാന വശം ഗുണകാംക്ഷയായിരിക്കണം.

ഇസ്‌ലാമിന്റെ ചിഹ്നങ്ങളെ മുഴുവൻ നടപ്പിൽ വരുത്താൻ അഹ്ലുസ്സുന്ന പ്രത്യേകം താത്പര്യമെടുക്കാറുണ്ട്. ജുമുഅ നമസ്കാരം, ജമാഅത്തു നമസ്കാരം എന്നിവ കൃത്യമായി നിലനിർത്തിപ്പോരുക, നിർബന്ധ നമസ്കാരങ്ങൾ അവയുടെ ആദ്യ സമയത്തു തന്നെ നിർവഹിക്കാൻ മാത്സര്യം കാണിക്കുക, നമസ്കാരങ്ങളിൽ ഭയവും, ഭക്തിയും, ഒതുക്കവും ശീലിക്കാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുക, ഖിയാമുല്ലൈൽ (രാത്രിനമസ്കാരം) സ്ഥിരമായി നമസ്കാരിക്കുക, തുടങ്ങിയ കാര്യങ്ങളിൽ അതീവ ശ്രദ്ധയാണ് അഹ്ലുസ്സുന്നത്തിനുള്ളത്.

എല്ലാ മുസ്‌ലിംകളോടും ഗുണകാംക്ഷ കാണിച്ചും, പുണ്യത്തിലും ഭക്തിയിലും സഹകരിച്ചും നിലകൊള്ളുന്ന രീതിയാണ് അഹ്ലുസ്സുന്നയുടേത്. പരീക്ഷണ-പ്രതിസന്ധി ഘട്ടങ്ങളിൽ സ്ഥിരതയോടെ, ക്ഷമയോടെ വർത്തിക്കാനും, അനുഗ്രഹങ്ങളുടെ വേളകളിൽ അല്ലാഹുവിനോട് നന്ദിയുള്ളവരാകാനും, പടച്ചവന്റെ ഏതുതരം വിധിയേയും സംതൃപ്തിയോടെ സ്വീകരിക്കാനും ഉള്ള അവരുടെ ശേഷി ഒന്നു വേറെത്തന്നെയാണ്.

ആദരണീയമായ സ്വഭാവങ്ങളും, ഉത്കൃഷ്ടമായ നിലപാടുകളും ജീവിതത്തിൽ കാത്തു സൂക്ഷിക്കുന്നവരാണ് അഹ്ലുസ്സുന്ന. മുഅ്മിനുകളിൽ ഈമാൻ സമ്പൂർണ്ണമായവൻ, അവരിലെ ഏറ്റവും നല്ല സ്വഭാവ നിഷ്ഠയുള്ളവനാണ് എന്ന പ്രവാചകമൊഴിയാണ് അവർക്കതിന് പ്രചോദകം. കുടുംബ ബന്ധം തുടരാനും, സലാം വ്യാപകമാക്കാനും, വിശക്കുന്നവന്ന് ഭക്ഷണം നൽകാനും, ദരിദ്രരോടും അശരണരോടും, അനാഥകളോടും കാരുണ്യം കാണിക്കാനും അഹ്ലുസ്സുന്നത്ത് കാണിക്കുന്ന താത്പര്യം അനന്യമാണ്.

**10.** ഇങ്ങനെയൊക്കെയാണെങ്കിലും, വിശുദ്ധ ഇസ്ലാമിൽ, അതിലില്ലാത്ത നൂതനാചാരങ്ങൾ പടച്ചുണ്ടാക്കുന്ന മുബ്തദിഉകളോട് അഹ്ലുസ്സുന്നക്ക് അടങ്ങാത്ത നീരസമാണുള്ളത്. അവരെ സ്നേഹിക്കുകയൊ, അവരുമായി സഹവസിക്കുകയൊ, അവരുടെ വാക്കുകൾക്ക് ചെവി കൊടുക്കുകയൊ, അവരുമായി ഒന്നിച്ചിരിക്കുകയൊ, അവരോട് അനാവശ്യ തർക്ക വിതർക്കങ്ങളിലേർപ്പെടുകയൊ ചെയ്യുന്നവരല്ല അഹ്ലുസ്സുന്ന. മുബ്തദിഉകളുടെ നിരർഥക വാദങ്ങളിൽ നിന്ന് സ്വന്തം കാതുകളെ സംരക്ഷിക്കുന്നതിലാണ് അവരുടെ കണിശമായ ശ്രദ്ധ.ബിദ്അത്ത് തൗഹീദിന്റെ പൂർണ്ണതക്ക് ഭംഗം വരുത്തും എന്നതാണ് അവരുടെ വീക്ഷണം. ശിർക്കിലേക്കെത്തിക്കുന്ന വിവിധ മാധ്യമങ്ങളിൽ ഒന്നാണ് ബിദ്അത്ത്. അല്ലാഹു മത നിയമമാക്കി നിശ്ചയിച്ചു തന്നിട്ടില്ലാത്ത ഒരു കർമ്മം കൊണ്ട് അവനെ ആരാധിക്കുക എന്ന ലക്ഷ്യമാണ് അതിലുള്ളത്. ലക്ഷ്യങ്ങൾക്കുള്ള വിധി തന്നെയാണ് അതിലേക്കെത്തിക്കുന്ന മാർഗങ്ങൾക്കും ഇസ്ലാം സ്വീകരിക്കുന്നത്. അതു കൊണ്ടു തന്നെ അല്ലാഹുവിനെ ആരാധിക്കുന്നതിൽ ശിർക്ക് വരുത്താവുന്നതും, ദീനിൽ പുത്തനാചാരങ്ങൾക്ക് അവസരം നൽകുന്നതുമായ മുഴുവൻ പഴുതുകളേയും കൊട്ടിയടക്കണമെന്ന നിർബന്ധ ബുദ്ധിയാണ് അഹ്ലുസ്സുന്നത്തിനുള്ളത്.

മുബ്തദിഉകളെ വേറിട്ടു നിർത്തുന്ന ചില ലക്ഷണങ്ങളുണ്ട്. പ്രവാചക സുന്നത്തിന്റെ പ്രചാരകരോട് അവർക്ക് ശത്രുതാ മനസ്ഥിതിയും, പുച്ഛമനോഭാവവുമായിരിക്കും. മാത്രമല്ല, അവരെയവർ ഹശ്വികൾ, ളാഹിരികൾ, മുശബ്ബിഹുകൾ എന്നിങ്ങനെ പ്രത്യേകം പേരുകൾ വിളിച്ച് ആക്ഷേപിക്കുകയും ചെയ്യും. എന്നാൽ മുബ്തദിഉകളുടെ ഏതു തരം പ്രവർത്തനത്തേയും കരുതലോടെ നിരീക്ഷിക്കുന്നവരും, അവരുടെ വിതണ്ഡ വാദങ്ങൾക്ക് പ്രമാണ ബദ്ധമായ മറുപടികൾ നൽ

കുന്നവരുമാണ് സലഫുകൾ. മുബ്തദിഉകളെ സംബന്ധിച്ച സലഫി ന്റെ നിലപാടു വ്യക്തമാക്കുന്ന അനേകം പ്രസ്താവനകൾ വിവിധ ഗ്രന്ഥങ്ങളിൽ നിർലോഭം കാണാനാകും.

മുസ്ലിം ഉമ്മത്തിന്റെ ആദ്യ തലമുറയുടെ അഖീദയാണ് മേൽ പ റയപ്പെട്ടതൊക്കെ. ഖുർആനിന്റേയും സുന്നത്തിന്റേയും മാർഗത്തിലൂ ന്നി നിന്നുകൊണ്ടുള്ള തെളിമയാർന്ന, കറകൾ തീർന്ന അഖീദയാണ ത്. ആദ്യകാല വിശ്വാസീ സമൂഹത്തിന്റെ ഹൃദയങ്ങളെ സജീവമാക്കി നിർത്തിയ ഋജുവായ മാർഗം. സലഫുസ്സ്വാലിഹിന്റെ, ഫിറഖത്തുന്നാ ജിയയുടെ, അഹ്ലുൽ ഹദീസിന്റെ, അഹ്ലുസ്സുന്നത്തി വൽ ജമാഅ ത്തിന്റെ വിശ്വാസ സംഹിത. പരിഗണനീയമായ മദ്ഹബിന്റെ നാല് ഇ മാമുമാരുടേയും അഖീദ. ബഹു ഭൂരിഭാഗം ഫുഖഹാക്കളുടേയും മു ഹദ്ദിസുകളുടേയും, നിഷ്കാമകർമ്മികളായ പണ്ഡിതന്മാരുടേയും അ വരുടെയൊക്കെ സരണി പിന്തുടരുന്ന ഇന്നോളമുള്ള ആരുടേയും വി ശ്വാസധാര. സച്ചരിത സലഫിന്റെ വീക്ഷണങ്ങളെ വിമർശിക്കുന്ന പി ൽകാലക്കാരുടെ വാക്കുകളുണ്ടാകാം; അതിൽ നാം വഞ്ചിതരാകേണ്ട തില്ല.

ആകയാൽ, നമ്മുടെ പൂർവഗാമികളായ ഉൽകൃഷ്ട സലഫുകൾ ഏതൊരു സ്രോതസ്സിൽ നിന്നു ദാഹശമനം വരുത്തിയോ ആ സ്രോത സ്സിലേക്ക് തെളിമയാർന്ന അഖീദയുമായി തിരിച്ചു ചെല്ലുകയാണ് ന മ്മുടെ ധർമ്മം. അവർ നിശ്ശബ്ദത പാലിച്ച കാര്യങ്ങളിൽ നമ്മളും നിശ്ശ ബ്ദരാകുക. അവർ പ്രവർത്തിച്ചവിധം നമ്മളും ആരാധനകളനുഷ്ഠി ക്കുക. വിശുദ്ധ ഖുർആനും, പ്രവാചക സുന്നത്തും, സലഫിന്റെ ഇജ് മാഉം, പുതിയ പ്രശ്നങ്ങളിൽ ശരിയായ ഖിയാസും അവലംബിച്ചു കൊണ്ടാകട്ടെ നമ്മുടെ ജീവിതം.

وصلى الله على نبينا محمد وآله وصحبه وسلم.

****************